ഗ്രാമവികസന കമ്മീഷണറേറ്റിലെ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.
(ഹാജർ: നജീബ്.എച്ച്)

സംഗ്രഹം

വിഷയം:- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ശ്രീ. നൗഷാദ്. എം, ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നം.2717/എസ്റ്റാ.സി.3/2022/സി.ആർ.ഡി** **തീയതി: 29.06.2022**

---

പരാമർശം :-

1. ഈ ഓഫീസിലെ 02.05.2019-ലെ 10156/എസ്റ്റാ.സി3/2018/CRD നം. ഉത്തരവ്
2. കൊല്ലം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 02.06.2022-ലെ ഡി1/1570/2022 നമ്പർ കത്ത്
3. കൊല്ലം ജില്ലാ കളക്ടറുടെ 23.06.2017-ലെ ഡി1/1419/14 നം. നടപടിക്രമം
4. **GO(MS)22/98/RDD** തീയതി **05/08/1998**

## ഉത്തരവ്

ഗ്രാമവികസന വകുപ്പിലെ 01/01/2015 മുതൽ 30/06/2018 വരെയുള്ള കാലയളവിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ **708** ആയ ശ്രീ നൗഷാദിന്റെ സീനിയോറിറ്റി ലിസ്റ്റിലെ വിവരങ്ങളിൽ പിശകുള്ളതായും ആയതു പരിഹരിക്കണമെന്നും പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. ശ്രീ. നൗഷാദ് പരാമർശം (3) പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമം ലഭിച്ച **09/09/1998** ൽ സേവനത്തിൽ പ്രവേശിക്കുകയും പരാമർശം (4) പ്രകാരം ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയതിനെ തുടർന്ന് **01/07/2017** ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. മേൽ സാഹചര്യത്തിൽ ടിയാന്റെ സീനിയോറിറ്റി ഭേദഗതി ചെയ്തു, പരാമർശം (1) ഉത്തരവിലെ സീനിയോറിറ്റി **773** ആയ ഡെസ്സിക്കും **774** ആയ വിനയ എം വി ക്കും ഇടയിലായി സീനിയോറിറ്റി നം. **773 A** ആയി സീനിയോരിറ്റി അനുവദിച്ചും ടിയാന്റെ ജനന തീയതി 25/05/1971 എന്ന് ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

പകർപ്പ്:

1. ശ്രീ. നൗഷാദ്. എം, ക്ലർക്ക്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ബന്ധപ്പെട്ട മേലധികാരി മുഖേന)
2. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മുഖത്തല
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) കൊല്ലം
4. ഐ.ടി. സെൽ, സി.ആർ.ഡി (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്